ഞങ്ങളുടെ അച്ഛൻ
ഇ. മാധവൻ

1

# ഞങ്ങളുടെ അച്ഛൻ

ഇ. മാധവൻ

അച്ഛനെക്കുറിച്ച് മനസ്സിൽ പതിഞ്ഞചിത്രങ്ങൾ അനേകമാണ്. മിക്കവയും എന്റെ ബാല്യകൗമാരങ്ങളിലെ ഓർമ്മകൾ. പവിത്രമായ ആ ഓർമ്മകളിലൂടെ സഞ്ചരിച്ച് അച്ഛന്റെ വ്യക്തിത്വം പ്രകടമാക്കുന്ന ഏതാനും സംഭവങ്ങൾ തിരിച്ചറിയാൻ ശ്രമിക്കട്ടെ.

**മഞ്ഞത്തെച്ചിപ്പൂങ്കുല പോലെ...**

പുത്തില്ലത്തെ വീടിന് കിഴക്കോട്ടു മുഖമായിരുന്നു. കിഴക്കേ തൊടിയിൽ മാവുകളും, പ്ലാവും വാഴക്കൂട്ടങ്ങളും വടക്കേമൂലയിൽ പാമ്പിൻ കാവും ബ്രഹ്മരക്ഷസിന്റെ കുങ്കുമത്തറയും ഉണ്ടായിരുന്നു. വേലിയോട് ചേർന്ന് കൊന്ന മരങ്ങളും കൃശഗാത്രരായ തേക്കിൻതൈകളും നിന്നിരുന്നു. മുറ്റത്ത് അച്ഛൻ ഓമനിച്ചു വളർത്തിയിരുന്ന പിച്ചകവള്ളികളിലും പനിനീർച്ചെടികളിലും പ്രഭാതസൂര്യൻ വന്നെത്താൻ ഈ വൃക്ഷങ്ങളുടെ ഇലച്ചാർത്തുകളിലൂടെ ഊളിയിട്ടുവേണമായിരുന്നു. അങ്ങനെയൊരു പ്രഭാതത്തിൽ അച്ഛൻ ഉമ്മറത്തിണ്ണയിൽ ഒരു കാൽ കയറ്റിവെച്ച് മഞ്ഞിൽ നനഞ്ഞ മുറ്റത്ത് തളം കെട്ടിക്കൊണ്ടിരുന്ന മഞ്ഞസൂര്യനെ നോക്കി ലയിച്ചുപാടിയിരുന്നത് മനസ്സിൽ കൊത്തിവെച്ച ഒരു ചിത്രമാണ് –

‘മഞ്ഞത്തെച്ചി പൂങ്കുലപോലെ
മഞ്ജിമ വിടരും പുലർകാലെ ...’

**സുരക്ഷിതത്വത്തിന്റെ ചുമൽ**

കാലത്തിന്റെ പാളികളിലൂടെ കൂടുതൽ ഇറങ്ങുമ്പോൾ എനിക്കുചുറ്റും ഇരുട്ടാണ്. തെക്കേ അറയിൽ നാലു വയസ്സുകാരനായ ഞാൻ പനി പിടിച്ച് കിടക്കുകയാണ്. നിഗൂഢമായ ഭയവും അസഹ്യമായ ദാഹവും കാരണം ഞാൻ ഞരങ്ങിയിരിക്കണം. അപ്പോൾ അച്ഛൻ അടുത്തുണ്ട്. പഞ്ചസാര ചേർത്ത് ഒരു ഗ്ലാസ് ജീരകവെള്ളം എനിക്കു തരുകയാണ്. അമൃതു സേവിച്ചപോലെ, ദാഹം മാത്രമല്ല എല്ലാ ഭയങ്ങളും എന്നെ വിട്ടകന്നു. സുരക്ഷിതത്വത്തിന്റെ ചുമലിൽ പറ്റിച്ചേർന്നു ആശ്വാസത്തോടെ ഞാൻ നിദ്രയുടെ താഴ്‌വരയിലേയ്ക്കിറങ്ങി.

**ഒരു പായൽകുളത്തിന്റെ ഓർമ്മ**

പുത്തില്ലത്ത് വിദ്യുച്ഛക്തി വന്നത് വളരെകാലം പിന്നിട്ടാണ്. ഹരിയേട്ടനാണ് കൽക്കത്തയിൽ നിന്നും ആവശ്യമായ സർവ്വ സാധനങ്ങളും കൊണ്ടുവന്ന് വൈദ്യുതീകരണം നടത്തിയത്. അതുവരെ ഞങ്ങൾ കുട്ടികൾ ഒരു മേശവിളക്കിനു ചുറ്റും ചേർന്നിരുന്നാണ് പാഠങ്ങൾ ഉരുവിട്ടിരുന്നത്. ഒരു റാന്തൽ വിളക്ക് തിരി താഴ്ത്തി ഇടനാഴിയിൽ വച്ചിരിക്കും. ആ ഇരുണ്ട രാത്രികൾക്ക് എന്റെ മനസ്സിൽ പ്രത്യേക സ്ഥാനമാണുള്ളത്. ‘കൂരിരുളോമനേ നീങ്ങി നീങ്ങി, നേരിയ വെട്ടം വരികയായി’ എന്നീ വരികൾ എന്നെ എത്തിക്കുന്നത് പുത്തില്ലത്തെ വടക്കെ കുളത്തിലേയ്ക്കാണ്. രാവിന്റെ പുതപ്പുമാറ്റാൻ ആലസ്യം കാണിച്ച് പായലും ആമ്പൽ മൊട്ടുകളും നിറഞ്ഞ് പരന്നുകിടന്നിരുന്ന വടക്കേകുളം. എന്റെ സ്വകാര്യ ഭാവനയിൽ ‘വിവാഹസമ്മാന’ത്തിലെ വല്യേടത്തി ഇറങ്ങിയിറങ്ങി അപ്രത്യക്ഷയായത് ഈ കുളത്തിലായിരുന്നു. ഒരു പക്ഷേ, താഴ്ത്തിവെച്ച റാന്തൽതിരിയിലേയ്ക്ക് ഉറ്റുനോക്കി ആ രാത്രി മുഴുവൻ അവർ ഉറങ്ങാതെ കിടന്നിരിക്കാം...

**റാന്തൽ വെളിച്ചത്തിലെ സ്വകാര്യ നിമിഷങ്ങൾ**

അച്ഛന്റെ ഒരു പതിവായിരുന്നു രാത്രി റാന്തൽവിളക്കുമെടുത്ത് അമ്മയേയും കൂട്ടി തൊടിയിലേക്കുള്ള യാത്ര. കുളത്തിലേയ്ക്ക്, കക്കൂസിലേയ്ക്ക്, കാറ്റിൽ ഉതിർന്നു വീണ മാമ്പഴങ്ങൾ പെറുക്കാൻ – കാരണം എന്തുതന്നെ ആയാലും ആ പോക്ക് മുടക്കിയിരുന്നില്ല. ഗൃഹസ്ഥാശ്രമത്തിലെ പ്രശ്നങ്ങളും, അസ്വാരസ്യങ്ങളും സ്വന്തം കുട്ടികളുടെ മുന്നിൽനിന്ന് മാറി ചർച്ചചെയ്ത് ജീവിതത്തിന്റെ താളം ശരിപ്പെടുത്താനുള്ള ഉപായമായിരുന്നു ഈ ദിനചര്യ എന്ന് ഞാൻ പിന്നീടാണ് മനസ്സിലാക്കുന്നത്. ഞങ്ങളിൽ നിന്ന് എത്ര മറയ്ക്കാൻ ശ്രമിച്ചാലും അവർ തമ്മിൽ ഇടയ്ക്കുണ്ടാവുന്ന സൗന്ദര്യപ്പിണക്കം ഗൃഹാന്തരീക്ഷം കനപ്പിക്കുന്നത് എങ്ങിനെയോ ഞാൻ പിടിച്ചെടുത്തിരുന്നു! അങ്ങനെയുള്ള ദിവസങ്ങളിൽ അച്ഛൻ

കൂടുതൽ സമയം മേൽപറഞ്ഞ നിശാചര്യക്ക് ഉപയോഗിച്ചിരുന്നു എന്ന് തോന്നുന്നു. തിരിച്ചെത്തുമ്പോൾ അമ്മയുടെ മുഖത്ത് ശാന്തിയും ശബ്ദത്തിൽ ഉത്സാഹവും പ്രകടമായിരിക്കും. അമ്മയെ കുറഞ്ഞൊന്ന് ശുണ്ഠിപിടിപ്പിക്കുന്നത് അച്ഛന് രസമായിരുന്നു. 'ഗൃഹഛിദ്രം' എന്ന കവിതയുടെ മുഖക്കുറിപ്പിൽ പ്രസ്താവിച്ച പോലെ, 'സ്വന്തം പോരായ്മകളുടെ ഉത്തരവാദിത്തം സ്വന്തം കുടുംബിനിയിൽ ആരോപിച്ച് കലശൽകൂട്ടുക എന്ന 'രസ' ത്തിൽ നിന്ന് ഉടലെടുത്തത്'. ആ 'രസം' പക്ഷേ സഹാനുഭൂതിയാൽ ആർദ്രം കൂടിയായിരുന്നു.

**സുസഖിയായ് ചേരൂ സപത്നീ ജനേ ...**

അച്ഛന്റെ അലമാരിയിലായിരുന്നു പുസ്തകങ്ങളും, മാതൃഭൂമി, ഹരിജൻ, അരുണ എന്നിവയുടെ പഴയ ലക്കങ്ങളും. വീട്ടിലെ ലൈബ്രറി ആയിരുന്നു അത്. യഥാകാലം സതീശേട്ടൻ മുതൽ ഉഷ വരേയും, പിൽക്കാലത്ത് അനുപമയും (അച്ഛന്റെ ആദ്യത്തെ പേരക്കുട്ടി) ലൈബ്രേറിയൻമാരായിട്ടുണ്ട്: അതിലുണ്ടായിരുന്ന രണ്ടു പുസ്തകങ്ങൾ പ്രത്യേകം പരാമർശം അർഹിക്കുന്നു. ഒന്ന് ആദരണീയനായ ശ്രീ. മഹാകവി വള്ളത്തോളിന്റെ 'അഭിജ്ഞാനശാകുന്തളം' പരിഭാഷയായിരുന്നു. അമ്മയ്ക്ക് ശ്രീ കുട്ടികൃഷ്ണമാരാർ നൽകിയ വിവാഹസമ്മാനമായിരുന്നു അത്. ഒന്നാം പേജിൽത്തന്നെ ശ്രീ മാരാർ സ്വന്തം കൈപ്പടയിൽ കുറിച്ചിരുന്ന വരികൾ അമ്മ ജീവിതത്തിൽ നൂറു ശതമാനവും പാലിച്ചിരുന്നു.

'ശുശ്രൂഷിക്ക ഗുരുക്കളെ സുസഖിയായ്
ചേരൂ സപത്നീ ജനേ,
ഭർത്താവിന്നെതിർ ചെയ്തു പോകരു-
തവൻ നിന്ദിക്കലും ശുണ്ഠിയാൽ!'

രണ്ടാമത്തെ പുസ്തകം 'ജനനനിയന്ത്രണം' എന്ന ലൈംഗികശാസ്ത്ര ഗ്രന്ഥമായിരുന്നു. ആരോഗ്യകരമായ ലൈംഗികവിദ്യാഭ്യാസത്തിന്റെ പ്രസക്തി മനസ്സിലാക്കി ഞങ്ങൾക്കുവേണ്ടി അറിഞ്ഞുതന്നെയാണ് ആ ആധികാരികഗ്രന്ഥം വച്ചിരുന്നത് എന്നെനിക്കു തോന്നുന്നു. ഈ രണ്ടു പുസ്തകങ്ങളും പക്ഷേ ഒരു കാര്യം എന്നെ മനസ്സിലാക്കി. അച്ഛനും അമ്മയ്ക്കും അവരുടേതായ വശ്യവും സ്വകാര്യവും ആയ ഒരു ലോകമുണ്ടെന്ന്.

അച്ഛനും അമ്മയും തമ്മിലുള്ള ബന്ധം ഉത്തരവാദിത്തങ്ങളുടെ നിർവ്വഹണത്തിൽ ഒതുങ്ങുന്നതായിരുന്നില്ല. ആ ബന്ധം യഥാർത്ഥത്തിൽ പ്രണയമയം ആയിരുന്നു. മൂടിവെക്കാൻ പറ്റാത്തവിധം ആ പ്രണയവർണ്ണങ്ങൾ അമ്മയുടെ നേർത്ത പുഞ്ചിരിയിലും അച്ഛന്റെ പൊട്ടിച്ചിരിയിലും ഒരുപോലെ വെളിവായിരുന്നു. പൊതുയോഗങ്ങളിൽ പങ്കെടുക്കാൻ പോകുമ്പോൾ അമ്മയെ കൂടെ കൊണ്ടുപോകാൻ അച്ഛൻ ശ്രദ്ധിച്ചിരുന്നു. 'കൂട്ടുകൃഷി' സംഘം മദ്രാസിൽ പോയപ്പോഴും, അച്ഛൻ സാഹിത്യ അക്കാദമി അവാർഡ് സ്വീകരിക്കാൻ ഡൽഹിയ്ക്കു പോയപ്പോഴും അച്ഛന്റെ കൂടെ അമ്മയുണ്ടായിരുന്നു.

ആൺകുട്ടികൾ അടുക്കളയിൽ കയറി ജോലിചെയ്യുന്നത് നാണക്കേടായി കരുതിയിരുന്ന അക്കാലത്ത്, ഞങ്ങൾ അമ്മയെ അടുക്കളയിൽ സഹായിക്കുന്നത് അച്ഛൻ അനുകൂലിച്ചിരുന്നു.

അച്ഛൻ കവിതയെഴുതിയാൽ ആദ്യം വായിപ്പിക്കുക അമ്മയെക്കൊണ്ടായിരുന്നു. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ 'മഹാഭാരതം' തർജ്ജമ നിത്യവും അമ്മയാണ് അച്ഛന് വായിച്ചുകേൾപ്പിച്ചിരുന്നത്. ദീർഘകാലം ഇതു തുടർന്നു. അമ്മയുടെ ശ്രുതിമധുരമായ കവിതാപാരായണങ്ങൾ എന്റെ ജീവിതത്തിലെ ധന്യ സ്മരണകളാണ്.

**കരണങ്ങളെഴുതിക്കലവർക്കാവശ്യം...**

പൊന്നാനിയിലെ സാധാരണക്കാരായ നാട്ടുകാർക്ക് അച്ഛൻ ഒരാലംബമായിരുന്നു, തിരിച്ചും അതായിരുന്നു സ്ഥിതി. സ്നേഹിതരെ സഹായിക്കുന്ന കാര്യത്തിലും അവരിൽ നിന്ന് സഹായം സ്വീകരിക്കുന്നതിലും അച്ഛന് ഒരു വൈമുഖ്യവും ഉണ്ടായിരുന്നില്ല. ഞങ്ങളുടെ വീട്ടിൽ റേഡിയോ ഇല്ലായിരുന്നതിനാൽ കൃഷ്ണപ്പണിക്കർ വായനശാലയിലും, ചോയുണ്ണുയേട്ടന്റെ റേഡിയോയിലുമാണ് ആകാശവാണിയിൽ നിന്നും പ്രക്ഷേപണം ചെയ്തിരുന്ന അച്ഛന്റെ കവിതകൾ ഞങ്ങൾ കേട്ടിരുന്നത്. വായനശാലയിലെ കോളാമ്പി മൈക്കിൽ കൂടി അച്ഛന്റെ കവിത കേൾക്കുമ്പോൾ അടുത്തിരുന്ന ഗിരിജേടത്തി അത്ഭുതപ്പെട്ടു. 'അച്ഛന്റെ ബീഡിയുടെ വാസനയും വരുന്നുണ്ടല്ലോ!'

അച്ഛന്റെ നിത്യസന്ദർശകരിൽ സഹൃദയരും, വ്യവഹാരക്കാരും ഉണ്ടായിരു

ന്നു. കവിതകൾ കുറിക്കുന്നപോലെത്തന്നെ കരണങ്ങൾ എഴുതുന്നതും അച്ഛന് ഗൗരവമായി എടുക്കേണ്ടി വന്നു. ആധാരങ്ങളും ഭാഗപത്രങ്ങളും അച്ഛനിരുന്നു കുറിക്കുമ്പോൾ എന്നെ വളരെ ആകർഷിച്ച കാര്യം, ദ്രുതചലനങ്ങളോടെ റൂളർ ഉപയോഗിച്ച് അച്ഛൻ നിർമ്മിച്ചിരുന്ന പട്ടികകളായിരുന്നു. 'നേരെചൊവ്വെ' എന്ന് ആ റൂളർ എന്നോട് ആജ്ഞാപിക്കുന്ന മാതിരി! കവിതയുടെ പണിപ്പുരയിൽ ധ്യാനിക്കേണ്ട ദിനങ്ങൾ കരണങ്ങളുടെ പിന്നാലെയുള്ള അലച്ചിലിൽ ഒതുങ്ങുന്നത് പലപ്പോഴും ഞങ്ങൾ കണ്ടിട്ടുണ്ട്. കവിത എഴുതുന്നതിനിടയ്ക്കായിരിക്കും ഒരാൾ വന്ന് അച്ഛനെ വിളിച്ചുകൊണ്ടു പോകുക. വസ്തുതർക്കം ഒത്തുതീർക്കാനോ, വസ്തു അളക്കുമ്പോൾ സന്നിഹിതനാകാനോ മറ്റോ ആയിരിക്കും. പലപ്പോഴും നട്ടുച്ചയ്ക്ക് പാടവരമ്പുകൾ താണ്ടി ക്ഷീണിതനായി തിരിച്ചു വന്നിരുന്നു അച്ഛൻ. കവിതാ പ്രക്രിയക്കിടയിൽ ഇത്തരം 'സ്വൈരക്കേടുകൾ' സാധാരണമായിരുന്നു.

### നാസ്തികരായ മഹാന്മാർ, സ്വകാര്യ ദൈവങ്ങൾ

സന്ധ്യാനാമം ചൊല്ലുകയും, താഴെയുള്ള ദിവാകരനും, അശോകനും, ഉഷയ്ക്കും ചൊല്ലിക്കൊടുക്കുകയും എന്റെ ചുമതലയായിരുന്നു. അക്കാര്യത്തിൽ ഞാനൊരു മടിയനായിരുന്നു. പലപ്പോഴും വിളക്കു വെച്ചത് അറിഞ്ഞില്ലെന്ന ഭാവിച്ച് മുറ്റത്തു തന്നെ കളിച്ചു നിൽക്കുന്ന സ്വഭാവമായിരുന്നു എന്റേത്. മുറ്റത്തു കസേരകളിട്ട് സ്നേഹിതരോട് എന്തോ ചർച്ച ചെയ്തിരുന്ന അച്ഛൻ അതു ശ്രദ്ധിച്ചിരിക്കണം. സന്ദർശകർ പോയ ഉടനെ അച്ഛൻ എന്നെ വിളിച്ചു. 'നാമം ചൊല്ലണമെന്ന് ആരും ഒരാളെയും നിർബന്ധിക്കില്ല. ശ്രീ. എം.സി. ജോസഫ് നാമം ജപിക്കുന്ന കൂട്ടത്തിലല്ല. അദ്ദേഹം മഹാനാണ്. നിനക്കും അങ്ങനെ ആകാം വിരോധമില്ല. പക്ഷേ അതിനു വേണ്ട ബോധ്യവും ഉറപ്പും ഉണ്ടോ എന്ന് സ്വയം തീർച്ചപ്പെടുത്തണം.' ഞാൻ അന്നുമുതൽ മുടങ്ങാതെ നാമം ചൊല്ലാൻ തുടങ്ങി!

വളരെ ചെറുപ്പത്തിൽ ഉഷയുടെ ചൊറൂണിന് ഗുരുവായൂർ അമ്പലത്തിലേയ്ക്ക് അച്ഛന്റെ കൂടെ പോയ ഓർമ്മയുണ്ട്. ഇതൊഴിച്ചാൽ അച്ഛനെ ക്ഷേത്ര ദർശനത്തോട് ബന്ധിപ്പിക്കുന്ന ഒരോർമ്മയും എനിയ്ക്കില്ല. അച്ഛൻ പക്ഷേ ആസ്തികനായിരുന്നു. സാഗരസ്തുതിയിൽ പരാമർശിക്കുന്ന 'മഹാന്നദാതാവ്' ആയിരിക്കണം അച്ഛന്റെ ദൈവസങ്കൽപ്പത്തിന് അടുത്തുനിൽക്കുക എന്ന് ഞാൻ ഊഹിക്കുന്നു. എന്തായാലും കസവുവേഷ്ടിയും പുതച്ച് സ്റ്റൈലിലുള്ള ക്ഷേത്ര ദർശനം അച്ഛന് അന്യമായിരുന്നു. അടിക്കടി വഴിവാടുനേരുന്നതും നിർബന്ധമായ ക്ഷേത്ര ദർശനവും ഞങ്ങൾക്ക് ശീലമാകാതിരുന്നതിൽ അച്ഛന്റെ ഈ 'തണുപ്പൻ' മട്ടിനു പങ്കുണ്ടെന്ന് എനിയ്ക്കു തോന്നുന്നു. എന്തായാലും നവരാത്രിയ്ക്ക് തൃക്കാവ് അമ്പലത്തിലും, പൂരത്തിന് കണ്ടകുറുമ്പകാവിലും, കണ്ടൻകുളങ്ങരയിലും ഞങ്ങൾ കുട്ടികൾ കൃത്യമായി പോയിരുന്നു! വീടിനെ ചുറ്റിയുള്ള ദൈവനിഷ്ഠമായ എല്ലാ കർമ്മങ്ങളിലും പക്ഷേ അച്ഛൻ ജാഗരൂകനായിരുന്നു. സന്ധ്യയ്ക്ക് വിളക്കുവെയ്ക്കുന്നതും, പാമ്പിൻകാവിലും, ബ്രഹ്മരക്ഷസിനും പൂജകൾ നടത്തുന്നതും പ്രധാനം തന്നെ ആയിരുന്നു. കൂടാതെ പടിഞ്ഞാറെ പറമ്പിൽ ഒരു കാഞ്ഞിരമരത്തിൻ കീഴെ ചിരപുരാതനമെന്ന് വിശ്വസിക്കപ്പെട്ട പറ, ചോഴി എന്നീ ശക്തികൾക്കും പൂജകൾ നടത്തിയിരുന്നു. അരിപ്പൊടി, കരിപ്പൊടി, മഞ്ഞൾപ്പൊടി ഇവ കൊണ്ട് അണിഞ്ഞ കളങ്ങളും, പന്തത്തിന്റെ പ്രഭാപൂരവും, ചുണ്ണാമ്പു കലക്കിയുണ്ടാക്കിയിരുന്ന കുരുതിയും എല്ലാം ചേർന്ന് ആ ആദിമ ശക്തികൾ ഞങ്ങളുടെ സങ്കൽപ്പ മണ്ഡലത്തിൽ ചിരപ്രതിഷ്ഠ നേടി എന്നതാണ് വാസ്തവം. ഇതെല്ലാം അച്ഛൻ സ്വന്തം ഉത്സാഹത്തിൽ ചെയ്തിരുന്നതാണോ, അതോ അമ്മമ്മയുടെ നിർബന്ധം കൊണ്ടായിരുന്നോ, എന്ന് എനിക്ക് വ്യക്തമല്ല. എന്തായാലും യുക്തിചിന്തയും സ്വപ്നലോകവും അച്ഛനിൽ സമന്വയിച്ചിരുന്നു എന്നുവേണം കരുതാൻ

### ... നൂറു പങ്കിടുമ്പോൾ ശതജ്വാല ചിന്തിടുമഗ്നി ...

ആ ദിവസം എനിക്ക് ആഹ്ളാദകരമായിരുന്നു. രാവിലെ കോഴിക്കോട്ട് നിന്ന് തിരിച്ചുവരുമ്പോൾ അച്ഛൻ കരുണാകരേട്ടനേയും (പി. സി. അമ്മാമയുടെ – ഉറൂബിന്റെ – മകൻ) കൂടെ കൊണ്ടുവന്നിരുന്നു. വീട്ടിൽ കയറിയ ഉടനെ അച്ഛൻ ആസമയം തൊടിയിൽ പണിയെടുത്തിരുന്ന പരമനെ വിളിച്ചു. ചെന്തെങ്ങിന്മേൽക്കയറി ഉടനെ ഇളനീർ ഇടണം. അച്ഛൻ വിശദീകരിച്ചു, തിരൂരിൽ വണ്ടിയെത്തിയപ്പോൾ ഇളനീർ വാങ്ങിയിരുന്നു. ഉണ്ണി ഇളനീർ കുടിച്ചു കഴമ്പെടുത്തു

തരാൻ പറഞ്ഞപ്പോഴേയ്ക്കും വണ്ടി നീങ്ങി ഉണ്ണിയ്ക്ക് കഴമ്പു തിന്നാൻ പറ്റാത്ത ഖേദമാണ് അച്ഛന് ഉടനെ പരിഹരിക്കേണ്ടത്! ഇതു മാതിരി സ്നേഹത്തിന്റെ ഊഷ്മളത അച്ഛനിൽനിന്ന് പലരും അനുഭവിച്ചിരുന്നു. കുട്ടികൾ പ്രത്യേകിച്ചും. ബന്ധുക്കൾക്കും സ്നേഹിതർക്കും സദാ സ്വാഗതമരുളുന്ന ഒരു വീടാക്കിമാറ്റി അച്ഛൻ പുത്തില്ലത്തെ. എന്റെ അമ്മാമയുടെ മക്കൾ ഗോപിയേട്ടൻ, സുകുഏട്ടൻ, രഘു, അതിനും മുമ്പ് വല്ല്യമ്മയുടെ മക്കൾ ചന്ദ്രേട്ടൻ, ലീലേട്ടത്തി ഇവരെല്ലാം പുത്തില്ലത്ത് താമസിച്ച് ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയവരായിരുന്നു. പ്രസിദ്ധ ചിത്രകാരി ടി. കെ. പത്മിനി പുത്തില്ലത്തു താമസിച്ചാണ് ദേവസ്സി മാസ്റ്ററുടെയും പിന്നീട് ആർട്ടിസ്റ്റ് നമ്പൂതിരിയുടെയും കീഴിൽ ചിത്രരചന പഠിച്ചത്. പുത്തില്ലത്ത് താമസിച്ചില്ലെങ്കിലും അച്ഛന്റെ പ്രത്യേക മമതത്വത്തിന് പാത്രമായ കുറേ ചെറുപ്പക്കാരുണ്ടായിരുന്നു; കൃഷ്ണപ്പണിക്കർ വായനശാല പ്രവർത്തകരായിരുന്നു അവരെല്ലാം. കൃഷ്ണവാരിയർ മാസ്റ്റർ, രാമൻ മാസ്റ്റർ, ദേവസ്സി മാസ്റ്റർ, ബാലഭാസ്കരൻ (വാസുവേട്ടൻ), എൻ. പി. കുമാരൻ, ബാലചന്ദ്രൻ, ജോൺ, പോൾ, ജോർജ്ജ്, ഗോപാലമേനോൻ ... സ്ഥലപരിമിതിമൂലം പട്ടിക നീട്ടുന്നില്ല. 'പങ്കുവെച്ചാൽ കുറയുന്ന തങ്കമോ, പൊൻതിരി നൂറു പങ്കിടുമ്പോൾ ശതജ്വാല ചിന്തിടുമഗ്നിയോ സ്നേഹം?' (സുഭദ്രാർജ്ജുനം ശ്രീ. വിഷ്ണു നാരായണൻ നമ്പൂതിരി) എന്നീ വരികളിലെ ആശയത്തിന് സാധൂകരണം ആയിരുന്നു അച്ഛന്റെ സ്നേഹിക്കുന്ന പ്രകൃതം.

### കുറ്റവും ശിക്ഷയും

സമൂഹജീവിതത്തിൽ പുലർത്തേണ്ടതായ മാനദണ്ഡങ്ങൾ വീട്ടിലെ സാഹചര്യത്തിലും പാലിക്കണമെന്ന ഒരു നീതി അച്ഛന്റെ ശിക്ഷാരീതിയുടെ പ്രത്യേകതയായിരുന്നു. ഒരു ദിവസം രാവിലെ – അതൊരു പുതുവർഷമായിരുന്നു – ഞാനും അനിയൻ ദിവാകരനും കൂടി വഴക്കിടുകയായിരുന്നു, ഏകദേശം ഒരു 'ബാലി-സുഗ്രീവയുദ്ധം'! അപ്പോൾ അച്ഛന്റെ കനമേറിയ ശബ്ദം. 'മധു ഇവിടെ വരൂ!' പിന്നെ വിചാരണ. വിചാരണക്കിടയിൽ ഉണ്ണിയേട്ടനെ വിട്ടു ഒരു വടി വെട്ടിക്കൊണ്ടുവരാൻ. വിധിയുടെ സംക്ഷിപ്തം ഇതായിരുന്നു: ഞാൻ മുതിർന്നവൻ എന്ന നിലയ്ക്ക് അഭിപ്രായവ്യത്യാസങ്ങൾ അടികലശലിലേയ്ക്ക് തരംതാഴാതെ നോക്കേണ്ടത് എന്റെ കടമയായിരുന്നു. അതിൽ പരാജയപ്പെട്ടതിനാൽ എനിയ്ക്ക് കൈവെള്ളയിൽ അഞ്ച് അടി, ദിവാകരന് മൂന്ന് അടി മാത്രം! ശിക്ഷയ്ക്കുശേഷം വിഷാദം കലർന്ന ഇളിഭ്യതയോടെ ഇരിക്കുമ്പോൾ വീണ്ടും അച്ഛൻ ഞങ്ങളെ വിളിക്കുന്നു. ഇപ്രാവശ്യം അമ്മ അച്ഛനു വിളമ്പിയ പ്രാതലിൽ നിന്ന് ഞങ്ങൾക്ക് ഓരോ പങ്ക് തരാനായിരുന്നു. ശിക്ഷയിൽമാത്രം അച്ഛൻ ഒതുക്കിയിരുന്നില്ല, അത് രക്ഷയിലേയ്ക്ക് വികസിച്ച് സ്നേഹത്തിൽ അലിയിക്കുകയായിരുന്നു.

പിന്നീടൊരിക്കൽ, രാത്രി ഞങ്ങൾ അഞ്ചാംപുരയിലിരുന്ന് ഭക്ഷണം കഴിക്കുകയാണ്. നിലത്ത് പലകയിട്ട് നിരന്നാണ് ഇരിക്കുന്നത്. അടുത്തിരുന്ന ഉണ്ണിയേട്ടനോട് അഭിപ്രായവ്യത്യാസം തൽക്കാലം തീർന്നെങ്കിലും എന്റെ മനസ്സിൽ അത് പുകഞ്ഞുകൊണ്ടിരുന്നു. ഉണ്ണിയേട്ടൻ പക്ഷേ വഴക്കെല്ലാം മറന്ന് കൈ കഴുകി ഉമ്മറത്ത് അച്ഛന്റെ കസേരയിൽ വിലങ്ങനെ കിടന്നുകൊണ്ട് ആഴ്ചപതിപ്പ് വായിക്കുകയായിരുന്നു. ഞാൻ അപ്പോൾ കിണറ്റുകരയിൽ ചെന്ന് കൈകഴുകി ഉമ്മറത്തേയ്ക്ക് ഓടിവന്നു ദേഷ്യത്തോടെ ആ കസേര ഉന്തിമറിച്ചിട്ടു. നിലത്തു വീണു കിടക്കുന്ന ഉണ്ണിയേട്ടന്റെ മുഖത്ത് വേദനകലർന്ന അത്ഭുതം 'എന്തുപറ്റി ഇവന്?' മുറ്റത്ത് ഉലാത്തുകയായിരുന്ന അച്ഛൻ ശബ്ദം കേട്ട് എന്നെ വിളിച്ച് കാര്യം തിരക്കി. വീണ്ടും വിചാരണ, ശിക്ഷ. വിധിയുടെ സംക്ഷിപ്തം: ഉണ്ണിയേട്ടനുമായുള്ള വഴക്ക് ഞാൻ മനസ്സിൽ നീറാൻ അനുവദിക്കയും പകയോടെ പ്രതികരിക്കയും ചെയ്തു. മനസ്സിൽ പകകരുതിയത് തെറ്റാണ്. ശിക്ഷ സാധാരണപോലെ. ഇപ്രാവശ്യം വടി തേടിക്കൊണ്ടുവന്നത് ഹരിയേട്ടനായിരുന്നു എന്നു തോന്നുന്നു!

### പുതിയ പുതപ്പുകൾ

പഴയ പുത്തില്ലംവീട്ടിൽ ആൺകുട്ടികൾ തട്ടിൻപുറത്താണ് ഉറങ്ങാൻ കിടന്നിരുന്നത്. തട്ടിൻപുറത്തിന്റെ വടക്കു പകുതി 'കടുങ്ങുണ്ണി' എന്ന പേരായ 'പഴയൊരു' പ്രേതത്തിന് വിട്ടുകൊടുത്ത് തെക്കേ പകുതിയിലാണ് ഞങ്ങൾ കിടന്നിരുന്നത്. അച്ഛൻ അവിടേയ്ക്ക് വരാറില്ലെന്നായിരുന്നു എന്റെ ധാരണ. തണുപ്പും കൊതുക്കളും ഞങ്ങളെ വലച്ച ഒരു മഴക്കാലമായിരുന്നു അത്. ഒരു ദിവസം രാവിലെ ഉണർന്നപ്പോൾ ഞങ്ങൾക്ക് സ്വയം വിശ്വസിക്കാനായില്ല. ഞങ്ങളെ

ആരോ പുതിയ പുതപ്പ് പുതപ്പിച്ചിരിക്കുന്നു! അക്കാലത്ത് അച്ഛന്റെ സാമ്പത്തിക സ്ഥിതി നോക്കുമ്പോൾ ആ പുതപ്പുകൾ വാങ്ങാൻ വളരെ ക്ലേശിച്ചിരിക്കണം. പിന്നീടാണ് അച്ഛന്റെ കഥ ഞാൻ കേൾക്കുന്നത്. 'വീടാക്കടമേ മമ ജന്മം' എന്ന ബിംബിസാരന്റെ ഇടയന്റെ നെടുവീർപ്പിൽ!

**അനർഘരായ പെൺമക്കൾ**

രണ്ടു പെൺമക്കളോടും (ഗിരിജേടത്തിയോടും, ഉഷയോടും) അച്ഛന് പ്രത്യേക വാത്സല്യം ഉണ്ടായിരുന്നു. ഏട്ടത്തിയോട് കയർത്തതിനും, അനുസരണക്കേട് കാട്ടിയതിനും അച്ഛൻ എന്നെ കഠിനമായി ശകാരിച്ചിരുന്നു. സ്വന്തം ചേച്ചിമാരോടുള്ള അച്ഛന്റെ മമതയായിരിക്കാം ഇതിനു കാരണം. ഗിരിജേടത്തിയെ കോളേജിലയക്കാനൊന്നും കഴിഞ്ഞില്ലെങ്കിലും വീട്ടിൽ ട്യൂഷൻ ഏർപ്പാടാക്കി ഹിന്ദി പരീക്ഷകളെല്ലാം എഴുതിക്കാൻ അച്ഛൻ ശുഷ്കാന്തി കാണിച്ചിരുന്നു. തുടർന്ന് ഏ.വി. ഹൈസ്കൂളിൽ അദ്ധ്യാപികയായി ഏട്ടത്തി ചേർന്നതും അച്ഛന്റെ പ്രോത്സാഹനം കാരണമായിരുന്നു. ഉഷയ്ക്ക് അച്ഛന്റെയടുത്ത് ഏറ്റവും സ്വാതന്ത്ര്യമായിരുന്നു. അശോകന്റേയും ഉഷയുടേയും കൂടെ ചെസ്സ് കളിയ്ക്കുന്നത് അച്ഛന് വളരെ ഇഷ്ടമായിരുന്നു.

**നാരായണൻ വൈദ്യരും ചതുരംഗവും**

നേരത്തേ ജോലി തീർത്തുവരാൻ സാധിക്കുന്ന ദിവസങ്ങളിൽ നാരായണൻ വൈദ്യർ എന്ന സ്നേഹിതനേയും അച്ഛൻ കൂട്ടിക്കൊണ്ടുവരുമായിരുന്നു. ആയുർവ്വേദത്തിൽ പ്രഗത്ഭനെങ്കിലും കച്ചവടക്കണ്ണില്ലാത്ത സാത്വികനായിരുന്നു അദ്ദേഹം. അമ്മയെ ഒരു കാലത്ത് സംസ്കൃതം പഠിപ്പിച്ചിരുന്നത്രേ വൈദ്യർ. ഞങ്ങളുടെ കുടുംബവൈദ്യനുമായിരുന്നു. എത്തിയ ഉടനെ വൈദ്യർ പോയി നീളത്തിൽ വാഴയണ വെട്ടി കൊണ്ടുവരും, രാജാവും, മന്ത്രിയും, തേരും, ആനയും, കുതിരയും, കാലാളും വാഴയണയിൽ നിന്ന് ഭംഗിയായി വൈദ്യർ വെട്ടിയുണ്ടാക്കുന്നത് കണ്ടുനിൽക്കാൻ രസമായിരുന്നു. പിന്നെ അച്ഛനും വൈദ്യരും വൈകുന്നേരം വരെ ഇരുന്നു ചതുരംഗം കളിക്കും. പിൽക്കാലത്ത് സമയം കിട്ടാതായപ്പോൾ ഈ പതിവ് അച്ഛന് നിർത്തേണ്ടതായി വന്നു.

**ദൂരദേശഗനെന്മകൻ**

ദൂരദേശത്തേയ്ക്ക് 'ജീവിക്കാനൊരു തൊഴിൽ തേടി' പോയ സതീശേട്ടനേയും ഹരിയേട്ടനേയും ചൊല്ലി അച്ഛനും അമ്മയ്ക്കും വേവലാതി ഉണ്ടായിരുന്നു. 'ഒരമ്മ പാടുന്നു' എന്ന കവിതയിൽ അച്ഛന്റെ മാനസികാവസ്ഥ നിറഞ്ഞു നിൽക്കുന്നു. അന്ന് ഹരിയേട്ടൻ മാത്രമേ പോയിട്ടുണ്ടായിരുന്നുള്ളു. സതീശേട്ടൻ പിന്നീടാണ് പോയത്. പിന്നെ ഉണ്ണിയേട്ടനാണ് പഠിക്കാനും, തുടർന്ന് ജോലിക്കുമായി നാടുവിട്ടത്. മകൻ ശാസ്ത്രലോകത്തിലെ ഉന്നതങ്ങളിൽ പ്രവർത്തിക്കുന്നതിൽ അഭിമാനം കലർന്നതായിരുന്നു അക്കാലത്ത് അച്ഛന്റെ ആകാംക്ഷകൾ: പിന്നീട് എന്റെ ഊഴമായപ്പോഴാണ് മക്കൾ ദൂരെപോകുമ്പോൾ അച്ഛനുണ്ടായിരുന്ന മനഃസംഘർഷം ഞാൻ നേരിട്ടറിഞ്ഞത്. ഞാൻ ദൽഹിയിൽ ജോലിയിൽ പ്രവേശിച്ചകാലം (1971) അച്ഛന് ഒരുപാട് തിരക്കും തലവേദനകളും ഉണ്ടായിരുന്നു. അതിനിടയിലും അച്ഛൻ ധാരാളം കത്തുകൾ എനിക്കെഴുതി. കറമ്പിപ്പശു പെറ്റത്, അശോകനും ഉഷയും കിടാവിന്റെ പിന്നാലെ ഓടുന്നത്, തൊടിയിലെ പണികൾ, സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ മീറ്റിങ്ങുകളും മറ്റു യാത്രകളും, അമ്മമ്മയുടെയും അമ്മയുടെയും ആരോഗ്യസ്ഥിതി, – എല്ലാം വിശദമായി തന്നെ അച്ഛൻ എഴുതിയിരുന്നു. ഒപ്പം തന്നെ എന്നെക്കുറിച്ചുള്ള ഉൽക്കണ്ഠകളും പുറത്തു വന്നിരുന്നു. അതുവരെ അച്ഛന് ഒരു റിസ്റ്റ് വാച്ചുണ്ടായിരുന്നില്ലെങ്കിലും, ആദ്യശമ്പളം കിട്ടിയ ഉടനെ ഞാൻ എനിക്കായി ഒരു വാച്ചു വാങ്ങണമെന്ന് അച്ഛൻ എഴുതി – വാച്ചില്ലാത്തവൻ കാലത്തിൽ പുറകോട്ടാണ് സഞ്ചരിക്കുക എന്നൊരു കാരണവും അച്ഛൻ എഴുതി. ഇതു തന്നെ തിരിച്ചു പറയാനുള്ള രസികത്തം അഥവാ 'ഗുരുത്വക്കേട്' എനിക്കില്ലാതെ പോയല്ലോ എന്ന് ഞാൻ സങ്കടപ്പെടുന്നു, ഇപ്പോൾ!

**സ്വപ്നവും യാഥാർത്ഥ്യവും**

അമ്മാമനും അച്ഛനും തമ്മിൽ വളരെ അടുപ്പമായിരുന്നു. 'ജന്മദനാദിത്യനെങ്കിലുമമ്പിളിയമ്മാമനത്രേ നമുക്കു പഥ്യം!' എന്ന് അച്ഛൻ എഴുതിയിട്ടുണ്ടല്ലോ.

അമ്മാമൻ സഹൃദയനാണെങ്കിലും ഗൗരവശീലനും പ്രായോഗികമതിയും ആണ്. ഒരിക്കൽ അവർ തമ്മിൽ സ്വപ്നയാഥാർത്ഥ്യങ്ങളെ പറ്റി നടന്ന ഒരു സംവാദം ഓർമ്മ വരുന്നു. അച്ഛന്റെ അഭിപ്രായം ഇന്നലെ ആസ്വദിച്ച സ്വാദിഷ്ടമായ ഭക്ഷണത്തെ കുറിച്ചുള്ള ഓർമ്മയും, അതേ അനുഭവം ഉൾക്കൊള്ളുന്ന സ്വപ്നവും തമ്മിൽ ഭേദമില്ലെന്നായിരുന്നു. അമ്മാമൻ ആ വാദത്തെ ഖണ്ഢിച്ചു: 'അതെങ്ങനെ? ഒന്ന് ശരിയ്ക്കും അനുഭവിച്ചതല്ലേ?' അച്ഛന്റെ ഒരു നീണ്ട പൊട്ടിച്ചിരിയാണ് ആ വാദത്തിന് അവസാനമുണ്ടാക്കിയത്. ഇഷ്ടപ്പെട്ടവരോട് എത്രനേരം വേണമെങ്കിലും സംസാരിച്ചിരിയ്ക്കാൻ അച്ഛന് ഉത്സാഹമായിരുന്നു. അത്തരം സംഭാഷണങ്ങൾ ഉമ്മറത്തിണ്ണയുടെ ഒരു മൂലയിൽ ചാരിയിരുന്ന് ശ്രദ്ധിച്ചുകേൾക്കുക എന്റെ ശീലമായിരുന്നു. പി. സിമ്മാമ (ഉറൂബ്), വൈലോപ്പിള്ളി, അക്കിത്തം, കടവനാട് കുട്ടിക്കൃഷ്ണൻ, ടി. ഗോപാലക്കുറുപ്പ്, ടി. വി. ശൂലപാണിവാരിയർ, പി. കൃഷ്ണവാരിയർ, സി. ചോയുണ്ണി, സി. രാധാകൃഷ്ണൻ തുടങ്ങിയ ഒട്ടനേകം മഹാ വ്യക്തികളുമായുള്ള അച്ഛന്റെ ചർച്ചകൾ പതിനൊന്നുകാരനായ ഞാൻ അത്യുത്സാഹത്തോടെ കേട്ടിരുന്നു; അവർ പറയുന്നത് ഉൾക്കൊള്ളാനുള്ള പ്രായം ആയിരുന്നില്ലെങ്കിലും. അച്ഛന്റെയും പി.സിമാമയുടെയും സംഭാഷണം കേട്ടിരിക്കുന്നവർ അവിടെനിന്നും മാറില്ല. അത്ര രസകരവും വിജ്ഞാനപ്രദവുമായിരുന്നു അവ. സംസാരത്തിനിടയിൽ പി.സിമാമ എണീറ്റു നടക്കും, അഭിനയിക്കും, പൊട്ടിച്ചിരിക്കും... കൂടെ അച്ഛനും. രണ്ടു പേരുടെയും പൊട്ടിച്ചിരികൾക്ക് തുറന്ന മനസ്സിന്റെയും, നിഷ്കളങ്കതയുടെയും സൗന്ദര്യമുണ്ടായിരുന്നു. പൊട്ടിച്ചിരിയുടെ പ്രകമ്പനത്തിൽ സ്ഥാനം തെറ്റുന്ന കൃത്രിമപ്പല്ലുകൾ അച്ഛൻ താടിചലിപ്പിച്ച് പൂർവ്വസ്ഥാനത്ത് ക്രമീകരിക്കുന്നത് മറക്കാനാവാത്ത ദൃശ്യമായിരുന്നു.

**ദ കോമൺ മാൻ (സാധാരണ പൗരൻ)**

അച്ഛൻ സാധാരണക്കാരിൽ സാധാരണക്കാരനായിരുന്നു. മറ്റുള്ളവർക്ക് ഉപകരിക്കുന്ന കാര്യങ്ങൾ ചെയ്താണ് സാധാരണത്വത്തിൽ നിന്ന് സ്വയം നമ്മൾ ഉയരേണ്ടത് എന്നായിരുന്നു നിലപാട്. അവിടെ സ്വാർത്ഥത്തിന് സ്ഥാനമില്ലല്ലോ. ഹരിയേട്ടന്റെ ആദ്യകഥാസമാഹാരം 'കൂറകൾ' S.P.C.Sലേയ്ക്ക് അയച്ചു. പ്രസാധനയോഗ്യത പരിഗണിക്കുന്ന പബ്ലിക്കേഷൻ കമ്മറ്റിയുടെ ചെയർമാനായിരുന്നു അച്ഛൻ. കമ്മറ്റി അംഗങ്ങളുടെ അഭിപ്രായം മാനിച്ച് ഒരു പുസ്തകം എടുക്കേണ്ടി വന്നപ്പോൾ കൂറകളുടെ പരിഗണന മാറ്റിവെച്ചു. ഈ മാറ്റിവെക്കുന്ന പുസ്തകം സ്വന്തം മകന്റേതാണെന്ന് ഒന്ന് വ്യംഗ്യമായിട്ടെങ്കിലും അറിയിച്ചാൽ മതിയായിരുന്നു. പക്ഷേ, അച്ഛൻ നിഷ്പക്ഷതയിൽ ഉറച്ചുനിന്നു. സെക്രറ്ററി ശ്രീ മാധവൻ നായർ ഇതറിഞ്ഞപ്പോൾ സമ്മതിച്ചില്ല. അപ്പോഴേയ്ക്ക് പ്രസിഡന്റായിരുന്ന ശ്രീ സി.പി. ശ്രീധരനും മുറിയിലേയ്ക്കു വന്നു. തിരിച്ചു കൊണ്ടാവാനായി അച്ഛൻ മാധവൻ നായരിൽനിന്ന് വാങ്ങിയ കൈയ്യെഴുത്തു പ്രതി തിരിച്ചു വാങ്ങി. 'കൂറകൾ' അടുത്ത യോഗത്തിലാണ് എടുത്തത്; അതച്ഛന് വലിയ ആശ്വാസമായി. മറ്റുള്ളവരോട് ദയയും അവനവനോട് ക്രൂരതയും കാണിക്കേണ്ടിവന്ന വേറെയും അനുഭവങ്ങൾ അച്ഛന് ഉണ്ടായിട്ടുണ്ട്.

മറ്റൊരിയ്ക്കൽ അച്ഛന് കോട്ടയത്തേയ്ക്ക് അടിയന്തിരമായി പോകണം, S.P.C.Sന്റെ യോഗത്തിൽ പങ്കെടുക്കാൻ – അന്ന് പൊന്നാനിയിൽ നിന്ന് പുറപ്പെടുന്ന ഒരു ബസ്സുമില്ല കോട്ടയത്തേയ്ക്ക്. K.S.R.T.C.യുടെ കോഴിക്കോട് – കോട്ടയം ബസ്സ് പൊന്നാനി വഴിക്ക് വന്നിട്ടാണ് പോകുക. സീറ്റ് കിട്ടാൻ പ്രയാസം. ബസ്സു വന്നു നിന്നപ്പോൾ തന്നെ കണ്ടക്ടർ വിളിച്ചു പറഞ്ഞു, 'ആരും കേറരുത്; സ്ഥലമില്ല.' അച്ഛൻ ആ ഉദ്യോഗസ്ഥനോട് വിളിച്ച് പറഞ്ഞ് അപേക്ഷിച്ചു, 'അടിയന്തിരമായി പോകേണ്ടതാണ്. നിന്നോളാം കയറിക്കോട്ടേ?' കണ്ടക്ടറുടെ മറുപടി നിന്ന് പൊയ്ക്കോളാം പോലും! പിന്നെ ഇതിലിരിക്കുന്നവരെ എണീപ്പിച്ച് നിങ്ങളെ ഇരുത്തണോ!' എന്തായാലും അച്ഛനെ കയറാൻ അയാൾ അനുവദിച്ചു. ഇതെല്ലാം കണ്ടു നിന്നിരുന്ന എനിയ്ക്ക് വളരെ മനപ്രയാസം തോന്നി. അച്ഛൻ പക്ഷേ പിന്നീട് ഈ സംഭവത്തെപറ്റി സംസാരിക്കാനിടവന്നപ്പോൾ ആ ഉദ്യോഗസ്ഥനെപറ്റി ഒരു വിദ്വേഷവും കാണിച്ചില്ല. അധികാരസ്ഥലങ്ങളിൽ നിന്ന് സാധാരണക്കാരന് അനുഭവിക്കേണ്ടിവരുന്ന അപമാനങ്ങളിൽ ഒന്നു മാത്രമായി അച്ഛനിതിനെ കണ്ടിരിക്കാം.

**പുരപ്പണി**

മക്കൾ വളർന്നുവരുന്നതോടൊപ്പം പുത്തില്ലത്തു വീട്ടിൽ സ്ഥലസൗകര്യം ഉണ്ടാക്കുന്നത് അച്ഛന് വലിയ ഭാരമായിരുന്നു. ഏട്ടൻമാരുടെ സഹായം ഉണ്ടായിരുന്നിട്ടും ഏഴെട്ടുകൊല്ലം നീണ്ടുനിന്ന യത്നമായിരുന്നു അത്. അച്ഛനും അമ്മക്കും അമ്മമ്മക്കും പശുക്കളോടുള്ള സ്നേഹം കാരണം ആദ്യം പുതുക്കിയത് തൊഴുത്തായിരുന്നു. ചെങ്കല്ലു പടുത്ത് ഓടിട്ട ഒന്നാന്തരം കെട്ടിടമായിരുന്നു പുതുക്കിയ തൊഴുത്ത്. അത് ഭംഗിയായി രൂപകൽപ്പനചെയ്ത മൂത്താശാരിയെത്തന്നെയാണ് വീടിന്റെ പുനർനിർമ്മാണവും അച്ഛൻ ഏൽപ്പിച്ചത്. പണി ചെയ്യുന്നവരോട് അച്ഛന്റെ അനുഭാവം തെളിയിക്കുന്ന ഒരു സംഭവം ഈ പുരപ്പണിയോടനുബന്ധിച്ച് ഓർമ്മയിൽ വരുന്നു. ഒന്നാം നിലയിൽ പത്തു ജനലുകളും അവയ്ക്കു ചട്ടക്കൂടുകളുള്ള ജനൽപൊളികളുമാണ് ഉദ്ദേശിച്ചിരുന്നത്. ഇരുപതോളം ചട്ടക്കൂടുകളും ജനൽ പൊളികളും ഒന്നാന്തരം മരത്തിൽ മൂത്താശാരി പണികഴിച്ചുവെച്ചു. പ്രശ്നം ശ്രദ്ധിച്ചത് ചട്ടക്കൂടിൽ ജനൽപൊളി ചേർക്കുമ്പോഴാണ്. കണക്ക് പിഴച്ചിരിക്കുന്നു! ഓരോ പൊളികൾക്കും അര ഇഞ്ചോളം വീതി കുറവ്. ഫലം ഇരുപതു വിടവുകൾ! അച്ഛൻ ഇതറിഞ്ഞപ്പോൾ ആശാരി ഭയപ്പെട്ടിരുന്ന പോലെ ക്ഷോഭിക്കുകയൊന്നുമുണ്ടായില്ല. മൂത്താശാരി നിശബ്ദം ഒട്ടുകൾ ചേർത്ത് ജനൽപ്പണി തീർത്തു. അച്ഛന്റെ മൗനമായിരിക്കാം അദ്ദേഹത്തിനു വലിയ ശിക്ഷയായി തോന്നിയത്! സഹജീവികളോടുള്ള അനുകമ്പ മാത്രമാണോ അച്ഛന്റെ ഈ ക്ഷമയ്ക്ക് കാരണം? കൂടുതൽ ചിന്തിക്കുമ്പോൾ പൂർണ്ണത തേടുമ്പോഴും അപൂർണ്ണതയെ മനസ്സിലാക്കാനുള്ള സന്മനസ്സല്ലേ അച്ഛൻ പ്രകടിപ്പിച്ചത്? ഇക്കാലത്തെ അനുഭവങ്ങളെ സ്ഫുടം ചെയ്ത് സൃഷ്ടിച്ച കവിതയാണ് 'പുരപ്പണി'.

**ഷഷ്ടിപൂർത്തി ആഘോഷങ്ങൾ**

മലയാള സാഹിത്യ ലോകത്തിൽ, പ്രത്യേകിച്ച് പൊന്നാനിക്കാർക്ക് അച്ഛനോടുള്ള സ്നേഹവും ആദരവും പുറത്ത് പ്രകടമായത് ഷഷ്ടിപൂർത്തി ആഘോഷവേളയിലായിരുന്നു. മൂന്നു ദിവസം നീണ്ടുനിൽക്കുന്ന പരിപാടിയാണ് ആസൂത്രണം ചെയ്തിരുന്നത്. തന്റെ പേരിൽ ഇത്ര വിപുലമായ പരിപാടികൾ നടത്തുന്നതിൽ അച്ഛന് എതിർപ്പുണ്ടായിരുന്നു എങ്കിലും സ്നേഹിതരുടെ പ്രേരണയ്ക്ക് അച്ഛൻ വഴങ്ങി എന്നതാണ് വാസ്തവം. താലപ്പൊലിയോടെ അച്ഛനേയും അമ്മയേയും എതിരേറ്റ് പൊന്നാനിക്കാർ ആഘോഷവേദിയായിരുന്ന ഏ.വി. ഹൈസ്കൂളിലേയ്ക്ക് ആനയിച്ചു. തുടർന്ന് മൂന്നു ദിവസം അവിടെ നടന്നത് അഭൂതപൂർവ്വമായ സാഹിത്യ കലോത്സവം ആയിരുന്നു. കേരളത്തിലെ പ്രമുഖരായ സാഹിത്യകാരന്മാർ പങ്കെടുത്ത ആഘോഷവേളയിലാണ് ഷഷ്ടിപൂർത്തി കമ്മിറ്റി അച്ഛന്റെ 'തിരഞ്ഞെടുത്ത കൃതികളും,' 'ഇതാ ഒരു കവി' എന്ന സ്മരണികയും പ്രകാശിപ്പിച്ചത്. പൊതുപ്രവർത്തനത്തിലും സാഹിത്യരംഗത്തും അച്ഛന്റെ കൂടെ ഉണ്ടായിരുന്നവർ അച്ഛനെക്കുറിച്ചെഴുതിയ ലേഖനങ്ങളുടെ സമാഹാരമാണ് 'ഇതാ ഒരു കവി'.

ആഘോഷം കഴിഞ്ഞ നിമിഷം മുതൽ ഇടശ്ശേരി വീണ്ടും പൊന്നാനിക്കാരുടെ പഴയ ഗോവിന്ദൻ നായരും, ഗോവിന്ദേട്ടനും ഒക്കെ ആയി. ഒന്നുരണ്ടാഴ്ച്ചയ്ക്കു ശേഷം അച്ഛൻ പനിപിടിച്ചു കിടപ്പിലായി. അപ്പോൾ ശങ്കരേട്ടൻ (അച്ഛന്റെ അസിസ്റ്റന്റ്) ഒരഭിപ്രായം പാസാക്കിയത് ഓർക്കുന്നു. 'അന്നേ ഞാൻ കരുതിയതാ ഇങ്ങനെ വല്ല കഷ്ടപ്പാടും ഗോയ്ന്ദേട്ടന് വരുംന്ന് എന്തായിരുന്നു ബഹളം? കൊട്ടും കുഴലും എഴുന്നള്ളിക്കലും!' ശങ്കരേട്ടന്റെ സിനിസിസം മാറ്റി ചിന്തിച്ചാൽ, അച്ഛന് സാംസ്കാരിക കേരളം നൽകിയ വലിയ അംഗീകാരവും സ്നേഹിതർ ഏകിയ സ്നേഹമുദ്രയുമായിരുന്നു ഷഷ്ടിപൂർത്തി ആഘോഷം. ●